**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4481** **20.10.2011-ൽ മറുപടിയ്ക്ക്**

**നൂറു ദിന കർമ്മ പദ്ധതി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ഡോ. ടി.എം. തോമസ് ഐസക്**<br>**ശ്രീ. എളമരം കരീം**<br>**ഡോ. കെ.ടി. ജലീൽ**<br>**ശ്രീ. ബാബു എം. പാലിശ്ശേരി** | | **ശ്രീ. ഉമ്മൻചാണ്ടി**<br>**(മുഖ്യമന്ത്രി)** |
| (എ) | സർക്കാരിന്റെ നൂറുദിന കർമ്മ പദ്ധതികൾക്ക് ഈ വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും എന്തെങ്കിലും തുക ചെലവഴിക്കേണ്ടി വന്നിട്ടുണ്ടോ ; വിശദമാക്കാമോ ; | (എ) | ഉണ്ട്. നൂറുദിന കർമ്മപരിപാടികൾക്ക് ആവശ്യമായ തുക ഈ ബഡ്ജറ്റിൽ വകയിരുത്തി ചെലവഴിച്ചിട്ടുണ്ട്. ബി.പി.എൽ. കാർക്ക് 1 രൂപ നിരക്കിൽ 25 കിലോ അരി നൽകൽ, പച്ചക്കറി വിത്ത് കിറ്റ് വീടുകളിൽ വിതരണം ചെയ്യുക, എൻഡോ സൾഫാൻ ദുരിത ബാധിതർക്ക് 1 ലക്ഷം രൂപ വീതം അനുവദിച്ചു, കുട്ടനാട്ടിൽ നെല്ല് സംഭരിച്ചവരുടെ കുടിശ്ശിക തീർക്കുന്നതിനായി 50 കോടി രൂപ അധികം അനുവദിച്ച് വിതരണം ചെയ്യുക തുടങ്ങിയ പദ്ധതികൾക്കായി തുക ചെലവഴി ച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഉദ്ഘാടനം ചെയ്യപ്പെട്ട പദ്ധതി കളിൽ, ഈ സർക്കാരിന്റെ കാലത്ത് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയ ഏതെങ്കിലും പദ്ധതി ഉണ്ടായിരുന്നുവോ ; | (ബി) | ഉണ്ട്. |

| | | | |
|---|---|---|---|
| (സി) | എത്ര പദ്ധതികൾ ഉദ്ഘാടനം ചെയ്യുകയുണ്ടായി ? | (സി) | മുഖ്യമന്ത്രിയുടെ ഓഫീസ് 7 ദിവസവും 24 മണിക്കൂറും പ്രവർത്തിക്കുന്നതിനായി ഒരു കാൾ സെന്റർ , ബി.പി.എൽ. കാർക്ക് 1 രൂപ നിരക്കിൽ 25 കിലോ അരി നൽകൽ, പച്ചക്കറി വിത്ത് കിറ്റ് വീടുകളിൽ വിതരണം ചെയ്യുക, എൻഡോസൾഫാൻ ദുരിത ബാധിതർക്ക് 1 ലക്ഷം രൂപ വീതം അനുവദിച്ചു, കുട്ടനാട്ടിൽ നെല്ല് സംഭരിച്ചവരുടെ കുടിശ്ശിക തീർക്കുന്നതിനായി 50 കോടി രൂപ അധികം അനുവദിച്ച് വിതരണം ചെയ്തു, സർക്കാരിന്റെ കീഴിലുള്ള റോഡുകളുടെ പരിപാലനത്തിലെ പരാതികൾ അറിയിക്കാനും പരിഹരിക്കാനും ഹെൽപ്പ് ലൈൻ നടപ്പാക്കി തുടങ്ങിയ പദ്ധതികൾ ഉദ്ഘാടനം ചെയ്തിട്ടുണ്ട്.<br><br>സെക്ഷൻ ഓഫീസർ |